(ഐ) ഇക്കാര്യത്തിൽ ശിവരാജനുള്ള യോഗ്യതകൾ എന്തെല്ലാമാണ്?

ഉത്തരം

(എ&ബി) 3,72,620 രൂപ ചെലവായി. 3,26,000 രൂപ.

(സി) വാഹന മെയന്റനൻസ് - 4661 രൂപ

ഇന്ധന ചെലവ് - 12,197 രൂപ.

ഡ്രൈവറുടെ പ്രതിഫലം- 13,475 രൂപ.

(ഡി) 5614 രൂപ.

(ഇ) ആലത്തൂരിലെ ഐശ്വര്യ ഫിഷ് ഫാമിൽ 23 ബാച്ചുകളിലായി അഞ്ചു ദിവസം വീതം 356 വനിതകൾക്ക് പരിശീലനം നൽകി. തൃശ്ശൂരിൽ ഇങ്ങനെ ഒരു ഫിഷ് ഫാം ഇല്ല.

(എഫ്) 84 വനിതകൾ അലങ്കാര മത്സ്യം വളർത്തൽ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	2
കൊല്ലം	-	34
ആലപ്പുഴ	-	14
കോട്ടയം	-	8
എറണാകുളം	-	2
തൃശ്ശൂർ	-	20
മലപ്പുറം	-	4
ആകെ	-	84

(ജി) 29 പേർ.

(എച്ച്) അല്ല. സംസ്ഥാനത്ത് അയൽസംസ്ഥാനങ്ങളിലും അലങ്കാര മത്സ്യമേഖലയിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതിൽ കൺസൾട്ടൻസി ഏറ്റെടുക്കാൻ തയ്യാറായത് ശ്രീ. ശിവരാജൻ മാത്രമായിരുന്നു. കോളേജിലെ സുവോളജി വിഭാഗം പ്രൊഫസറായിരുന്ന ശ്രീ. ശിവരാജൻ ജോലി രാജി വച്ച് വിപുലമായ തോതിൽ ശാസ്ത്രീയമായ അലങ്കാര മത്സ്യകൃഷി നടത്തുന്നതിൽ 15 വർഷത്തെ വൈദഗ്ധ്യവും പരിചയവും തെളിയിച്ചിട്ടുണ്ട്. മിക്കയിനം അലങ്കാര മത്സ്യങ്ങളുടെ പ്രജനനം, വിത്തുല്പാദനം, അവയുടെ കൃഷി, മത്സ്യരോഗനിവാരണം, വിപണനം, അക്വേറിയം സംവിധാനം എന്നിവയിൽ പ്രാഥമിക പരിശീലനം നൽകുന്നതിനുള്ള വിപുലമായ സൗകര്യങ്ങൾ ശ്രീ. ശിവരാജന്റെ അധീനതയിൽ ലഭ്യമാണ്.

107 (439) അലങ്കാര മത്സ്യ പ്രദർശനം

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും നടന്ന അലങ്കാര മത്സ്യ പ്രദർശനവുമായി ബന്ധപ്പെട്ട് മത്സ്യഫെഡ് എന്തു തുക ചെലവാക്കി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതോടനുബന്ധിച്ച് ഉദ്യോഗസ്ഥന്മാരുടെ ടി.എ. ഇനത്തിൽ എന്തു തുക ചെലവഴിച്ചു;

(സി) മത്സ്യഫെഡിലെയോ ഫിഷറീസ് വകുപ്പിലെയോ മറ്റ് ഫിഷറീസ് സ്ഥാപനങ്ങളിലെയോ ഉദ്യോഗസ്ഥന്മാർക്ക് അഡ്വാൻസ് നൽകിയ ഇനത്തിൽ അവർ ആരെങ്കിലും വരവ് ചെലവ് കണക്ക് ബോധിപ്പിക്കാനുണ്ടോ;

(ഡി) എങ്കിൽ ഇത്തരത്തിൽ കണക്ക് സെറ്റിൽ ചെയ്യാത്ത ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും അവർ സെറ്റിൽ ചെയ്യാനുള്ള അഡ്വാൻസ് തുകയുടെ കണക്കും വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരത്ത് നടന്ന പ്രദർശനത്തിന് 3 ലക്ഷം രൂപ ചെലവാക്കി. കോഴിക്കോട് നടന്ന പ്രദർശനത്തിന് 8.41 ലക്ഷം രൂപ സംഘാടക സമിതിക്ക് അഡ്വാൻസായി മത്സ്യഫെഡ് നൽകി.

(ബി) ഉദ്യോഗസ്ഥന്മാരുടെ ടി.എ. അതാതു വകുപ്പുകൾ/സ്ഥാപങ്ങളാണ് വഹിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

(സി)&(ഡി) ഇല്ല.

108 (441) കോൾഡ് സ്റ്റോറേജുകളുടെ പ്രവർത്തനം

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള എത്ര കോൾഡ് സ്റ്റോറേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ലാഭകരമായാണോ പ്രവർത്തിക്കുന്നത്;

(സി) ഇവയുടെ പ്രവർത്തനത്തിന് വേണ്ടി എത്ര ജീവനക്കാർ ഉണ്ട്;

(ഡി) കോൾഡ് സ്റ്റോറേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ പദ്ധതികൾ തയ്യാറാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ 17 ഐസ് ആന്റ് കോൾഡ് സ്റ്റോറേജ് പ്ലാന്റുകൾ ഉണ്ടായിരുന്നതിൽ 10 എണ്ണം മത്സ്യഫെഡിന് കൈമാറിയിട്ടുണ്ട്.

(ബി) ഇവ ഒന്നും തന്നെ പ്രവർത്തനക്ഷമമല്ല.

(സി) പ്രസ്തുത പ്ലാന്റുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കാൻ അവയുടെ പ്രവർത്തനത്തിനായി നിയമിച്ചിട്ടുള്ള 15 ജീവനക്കാരുടെ സേവനം മറ്റ് ജോലികൾക്കായി വിനിയോഗിച്ചു വരുന്നു.

(ഡി) പ്രസ്തുത പ്ലാന്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമാക്കിയാണ് അവ മത്സ്യഫെഡിന് കൈമാറുവാൻ തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly